(സി) അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രകാരം പട്ടികയിലെ ഗുണഭോക്താക്കളുടെ എണ്ണവും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന റേഷൻ വിഹിതവും കണക്കിലെടുത്ത്, റേഷൻ വിതരണത്തിലും അളവിലും മാറ്റം വരുത്തേണ്ട തുണ്ടോയെന്നകാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(ഡി) നിലവിലുള്ള എ.പി.എൽ./ബി.പി.എൽ./എ.എ.വൈ. കാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എ.പി.എൽ.	ബി.പി.എൽ	എ.എ.വൈ.	ആകെ
തിരുവനന്തപുരം	575563	162892	65116	803571
കൊല്ലം	430744	155523	52025	638292
പത്തനംതിട്ട	222691	58800	26780	308271
കോട്ടയം	314705	98764	35366	448835
ഇടുക്കി	165549	60632	31511	257692
ആലപ്പുഴ	335628	134349	43291	533262
എറണാകുളം	576727	102639	39641	719007
തൃശ്ശൂർ	518417	157951	56858	733226
പാലക്കാട്	443955	94392	47528	585875
മലപ്പുറം	504920	143785	54928	703633
കോഴിക്കോട്	451189	128529	42618	622334
കണ്ണൂർ	385031	90751	35928	511710
വയനാട്	127707	23430	40046	191183
കാസർഗോഡ്	156679	47690	20993	225362
ആകെ	5229505	1460127	592627	7282259

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ പരിഷ്കാരങ്ങൾ

1 (2448) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly.

(ബി) ഇക്കാര്യം വിശദമായി പഠിക്കുന്നതിനും ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടരീതിയിൽ നൽകുന്നത് സംബന്ധിച്ച നിർദ്ദേശം നൽകുന്നതിനും ഏതെങ്കിലും ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടുണ്ടോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളേയും സഹകരണ മേഖലയെയും സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പൊതുജനങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണെന്നതിനാൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. ഇതിനായി പ്രത്യേക ഉന്നതാധികാര സമിതിയെ നിയമിച്ചിട്ടില്ല.

(സി) 2005-ലെ വിവരാവകാശ നിയമത്തിലെ പൊതു അധികാര സ്ഥാപനം എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ മേഖലയും വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് നിയമ പ്രകാരം സ്വയം ബാദ്ധ്യസ്ഥമായതിനാൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വി. രാമചന്ദ്രൻ കമ്മിറ്റി നിർദ്ദേശങ്ങൾ

2 (2449) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ വി. രാമചന്ദ്രൻ കമ്മിറ്റി പ്രധാനമായും എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതൊക്കെ ശുപാർശകൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സംയുക്ത സംരംഭത്തിലൂടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly